(എ) രണ്ടാംഘട്ട വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി M/s Canon Design International Pvt. Ltd., Mumbai, (a subsidiary of Cannon Design Inc. USA) യെ ഏൽപ്പിച്ചു കഴിഞ്ഞു. പ്രാരംഭ conceptual master plan തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ പുരോഗതിയിലാണ്. conceptual master plan ഡിസംബർ 2010 അവസാനത്തോടെ തയ്യാറാകുമെന്ന് കരുതുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി ഏകദേശം 160 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. അതിൽ 125 ഏക്കർ സ്ഥലം ഏറ്റെടുത്തു കഴിഞ്ഞു.

(സി) പദ്ധതി പൂർത്തിയാകുമ്പോൾ ഏകദേശം 2500 കോടി രൂപ മുതൽ മുടക്ക് വേണ്ടിവരുമെന്ന് കരുതുന്നു.

(ഡി) കൊച്ചി ഇൻഫോപാർക്കിന്റെ ഒന്നും രണ്ടും ഘട്ട വികസനങ്ങൾ പൂർത്തിയാകുമ്പോൾ ഏകദേശം, 1,10,000 ത്തിൽപ്പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) 4,00,000 ചതുരശ്ര അടി ഐ.ടി. ബിൽഡിംഗ്, 220 KV substation, water treatment plant/sewage treatment plant, റോഡുകൾ തുടങ്ങിയവ ഉൾപ്പെട്ട ഒന്നാം ഘട്ടം 2012-ൽ പൂർത്തീകരിക്കുമെന്ന് കരുതുന്നു.

പൊതുമാപ്പു ലഭിച്ച മലയാളികൾ

19 (*19) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗദി അറേബ്യ പ്രഖ്യാപിച്ച പൊതുമാപ്പിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തി എത്ര കേരളീയർ മടങ്ങിയെത്തി എന്ന് വെളിപ്പെടുത്തുമോ ;

(ബി) പൊതുമാപ്പ് ലഭിച്ചവർക്ക് നാട്ടിലെത്താൻ സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

(സി) പൊതുമാപ്പ് ലഭിച്ചവരെ സഹായിക്കുന്നതിനും വിമാനയാത്രാച്ചെലവ് വഹിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ;

(ഡി) ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക പാക്കേജ് ആവിഷ്ക്കരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ :

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) സൗദി അറേബ്യ പ്രഖ്യാപിച്ച പൊതുമാപ്പിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തി എത്ര കേരളീയർ മടങ്ങിയെത്തി എന്ന കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ബി & സി) സൗദി അറേബ്യയിൽ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പൊതുമാപ്പ് പ്രയോജനപ്പെടുത്തി തിരിച്ചുവരുന്നവരെ അവിടെ നിന്ന് കയറ്റി അയയ്ക്കുവാൻ എല്ലാ സഹായവും ചെയ്യണമെന്ന് സൗദി അറേബ്യയിലെ ഇന്ത്യൻ എംബസിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അപ്രകാരം വരുന്നവരെ ആവശ്യമെങ്കിൽ മുംബൈ, ഡൽഹി എയർപ്പോർട്ടുകളിൽ സ്വീകരിക്കുന്നതാണ് എന്നും എംബസിയെ അറിയിച്ചിട്ടുമുണ്ട്. കൂടതെ ഇപ്രകാരം വരുന്നവർക്ക് എല്ലാ സഹായങ്ങളും നൽകണമെന്ന് കേന്ദ്ര സർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) സൗദി അറേബ്യയിൽ അംഗീകൃത വിസയിൽ ജോലി തേടി പോയവർക്കുള്ളതല്ല. മറിച്ച് തീർത്ഥാടന/സന്ദർശക വിസയിൽ പോയി അനധികൃതമായി ആ രാജ്യത്ത് തുടരുന്നവർക്കാണ് ഈ പൊതുമാപ്പ് എന്നതിനാൽ ഇപ്രകാരം ഒരു ആവശ്യം കേന്ദ്ര സർക്കാരിൽ ഉന്നയിക്കുന്നതിന് ആലോചനയില്ല.

ക്ഷീരകർഷകരുടെ ക്ഷേമത്തിനായി പദ്ധതികൾ

20 (*20) ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും എത്രപേർക്ക് പ്രതിമാസ പെൻഷൻ ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) എല്ലാ ക്ഷീരകർഷകരേയും ക്ഷേമ നിധിയിൽ അംഗമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഹേലി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്ഷീര മേഖലയുടെ വികസനത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) കേരള ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ ധനസഹായമായി 2008-09 സാമ്പത്തിക വർഷത്തിൽ രണ്ട് കോടി രൂപയും, ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ

LIBRARY ARCHIVES Kerala Legislative Assembly